# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 543      11.06.2013ലെ മറുപടിയ്ക്ക്

### പി.ജി.ടൈറ്റസിന്റെ സസ്പെൻഷൻ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | | മറുപടി<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വാണിജ്യ നികുതി വകുപ്പിലെ ഉച്ചക്കട ചെക്ക്പോസ്റ്റ് ഇൻസ്പെക്ടർ പി.ജി.ടൈറ്റസിനെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ; | എ) | സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| ബി) | സസ്പെൻഷനിടയായ സാഹചര്യം വിശദമാക്കാമോ; | ബി) | ചെക്ക്പോസ്റ്റിൽ ഔദ്യോഗിക സന്ദർശനം നടത്തിയ ഇന്റലിജൻസ് ഓഫീസറോട് അപമര്യാദയായി പെരുമാറുകയും, കൃത്യ നിർവഹണത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തു എന്ന തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ന്റെ റിപ്പോർട്ടിനെ തുടർന്നാണ് നടപടിയെടുത്തത്. |
| സി) | പി.ജി.ടൈറ്റസ് വാണിജ്യ നികുതി വകുപ്പ് കമ്മീഷണർക്ക് നൽകിയ പരാതി എന്തായിരുന്നു; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | സി) | പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ഡി) | അനധികൃതമായി വിളക്കുകൾ കടത്താൻ ശ്രമിച്ചവർക്കനുകൂലമായി ഏതെങ്കിലും മേലുദ്യോഗസ്ഥൻ പ്രവർത്തിച്ചതായി അറിവുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു? | ഡി) | ഇത്തരം ഒരാരോപണം സസ്പെൻഷന് വിധേയനായ ശ്രീ.ടൈറ്റസ് കമ്മീഷണർക്ക് നൽകിയ പരാതിയിൽ ഉന്നയിച്ചിട്ടുള്ളതായി കാണുന്നു. അച്ചടക്ക നടപടിയുടെ അന്വേഷണവേളയിൽ ഈ ആരോപണവും അന്വേഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

From

P. G. Titus
Anju Bhavan
Chemmakkad P. O
Kollam

Official Address
P. G. Titus
Commercial Tax Inspector
Commercial Tax Checkpost
Uchakkada at Poovar

To

The Commissioner
Commercial Taxes Department
Thiruvananthapuram

Sir,

ഞാൻ പൂവാർ ഉച്ചക്കട ചെക്ക്പോസ്റ്റിൽ ജോലി ചെയ്തു വരവേ മാർച്ച് 26-ാം തീയതി രാത്രി 8 മണിയോടു കുടി കൊല്ലത്തു നിന്നും തമിഴ്നാട്ടിലേക്ക് കൊണ്ടുപോകാനായി KL-02Y-1841 എന്ന വണ്ടിയിൽ ഇറക്കുമതി ചെയ്ത ഫാൻസി ലൈറ്റുകൾ കൊണ്ടുവന്നു. ബിൽ പ്രകാരം 35 ലക്ഷം രൂപയുടെ സാധനങ്ങൾ വണ്ടിയിൽ ഉണ്ടായിരുന്നു. തുടർന്ന് വണ്ടി പരിശോധനയ്ക്ക് വിധേയമാക്കി. അതിനുശേഷം ഇതിന്റെ ആധികാരിക മനസ്സിലാക്കാൻ വേണ്ടി KVAT'S ൽ പരിശോധന നടത്തിയപ്പോൾ പ്രസ്തുത വ്യാപാരിയ്ക്ക് സംസ്ഥാനത്തിന് പുറത്തേയ്ക്ക് വ്യാപാരം നടത്തുന്നതിനുള്ള അനുവാദം അദ്ദേഹം രജിസ്റ്റർ ചെയ്ത ഓഫീസിൽ നിന്നും നൽകിയിരുന്നില്ല. ആയതിനാൽ C.Form - ന്റെ പിൻബലത്തിൽ അന്യസംസ്ഥാനത്തേയ്ക്ക് നികുതി ആനുകൂല്യത്തിന്റെ ഇളവിൽ വിൽപ്പന നടത്താൻ അധികാരം ഇല്ലെന്നും ബോധ്യപ്പെട്ടു. കൂടാതെ കഴിഞ്ഞ ഒരു വർഷമായി Return File ചെയ്യുകയോ Tax അടയ്ക്കുകയോ ചെയ്യുന്നുണ്ടായിരുന്നില്ല. തുടർന്ന് കൊല്ലം വാണിജ്യനികുതി II<sup>nd</sup> Circle Officer –റുമായി ഫോണിൽ ബന്ധപ്പെട്ടു. ടി ഡീലർ (INCES LIGHT Thannikkamukku, Kollam Tin : 32020756266) തുടർച്ചയായി നികുതി വെട്ടിച്ച് വ്യാപാരം നടത്തുന്ന ആളാണെന്ന് ഉത്തമബോധ്യം വന്നതിനാൽ നിയമാനുസൃതം സെക്യൂരിറ്റി ഡിപ്പോസിറ്റായി Rs. 951015 അടയ്ക്കാൻ OR No. 434/12-13 പ്രകാരം നോട്ടീസ് നൽകി. അതിനുശേഷം പ്രസ്തുത വണ്ടി സെക്യൂരിറ്റി ഈടാക്കാതെ വിടാൻ എന്റെ മേൽ

പലവിധ സമ്മർദ്ദങ്ങളും ഉണ്ടായി. എന്നാൽ നിയമപ്രകാരമുള്ള സെക്യൂരിറ്റി അടയ്ക്കണം എന്ന നിലപാടിൽ ഞാൻ ഉറച്ചുനിന്നു. എന്റെ വീട്ടിൽ വിളിച്ച് പലരും ഭാര്യയെ ഭീഷണിപ്പെടുത്തുകയുണ്ടായി. 27-ാം തീയതി രാത്രി 11 മണിയോടു സ്കോഡ് നമ്പർ 4 ലെ ഇന്റലിജൻസ് ഓഫീസർ ചെക്ക്പോസ്റ്റിൽ വരുകയും ഞാൻ കൊടുത്ത നോട്ടീസ് ആവശ്യപ്പെടുകയും ചെയ്തു. ഈ നോട്ടീസ് വായിച്ചിട്ട് ഇത് നിലനിൽക്കുന്നതല്ലെന്നും മറ്റും പറഞ്ഞ് ടി കക്ഷികളുടെ മുന്നിൽ വച്ച് എന്നോട് തട്ടിക്കയറുകയും മോശമായ രീതിയിൽ സംസാരിക്കുകയും ചെയ്തു. മാത്രമല്ല മേപ്പടി കക്ഷികളുടെ പക്കൽ നിന്നും മറുപടി വാങ്ങി സെക്യൂരിറ്റി ഈടാക്കാതെ വണ്ടി വിടണമെന്നും ആവശ്യപ്പെട്ടു. സെക്യൂരിറ്റി ഈടാക്കണമെന്ന നിലപാടിൽ ഞാൻ ഉറച്ചുനിന്നപ്പോൾ എന്നെ 24 മണിക്കൂറിനകം ഇതിന്റെ ഫലം കാണിച്ചുതരാമെന്നും പറഞ്ഞ് ചെക്ക്പോസ്റ്റിൽ നിന്നും ഇറങ്ങിപ്പോയി. ഇതിനുശേഷം 28-ാം തീയതി ഞാൻ കൊടുത്ത നോട്ടീസിൽ പറഞ്ഞ പ്രകാരമുള്ള മൊത്തം തുകയും അതായത് 951015 രൂപയും ഡീലർ അടയ്ക്കുകയും ഓഫീസിൽ കുടിശ്ശിക വരുത്തിയ 2012-13 ലെ എല്ലാ **Return** കളും ഫയൽ ചെയ്യുകയും അതുവരെയുള്ള ടാക്സ് അടയ്ക്കുകയും ചെയ്തു.

എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങളൊന്നും അന്വേഷിക്കുകയോ അതിന്റെ നിജസ്ഥിതി മനസ്സിലാക്കാതെയും ഇന്റലിജൻസ് ഓഫീസർ മേൽപ്പറഞ്ഞതിനു വിരുദ്ധമായി നൽകിയ കള്ളപരാതിയുടെ അടിസ്ഥാനത്തിൽ എന്നെ 02-04-2013 മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ഇന്റലിജൻസ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം സസ്പെൻഷൻ ഓഡറിൽ പറഞ്ഞിരിക്കുന്നത് ഞാൻ മദ്യപിച്ചിട്ട് വണ്ടികൾ പരിശോധനയ്ക്ക വിധേയമാക്കാതെ ചെക്ക്പോസ്റ്റ് കടത്തിവിട്ടു എന്നാണ്. എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും വണ്ടി അദ്ദേഹം പിടിക്കുകയോ സെക്യൂരിറ്റി ഈടാക്കുകയോ അങ്ങനെയുള്ള ഒരു റിപ്പോർട്ട് അദ്ദേഹം മേലധികാരികൾക്ക് നൽകിയിട്ടുമില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. അതിനാൽ തന്നെ ഈ ആരോപണം വ്യാജമാണ്. ഞാൻ മദ്യപിച്ചു എന്നു പറയുന്നതും അടിസ്ഥാനരഹിതമാണ്. ഞാൻ മദ്യപിക്കുകയോ പുകവലിക്കുകയോ ചെയ്യാറില്ല. ഞാൻ മോശപ്പെട്ട ഭാഷയിൽ സംസാരിച്ചു എന്നു പറയുന്ന ആരോപണവും തെറ്റാണ്. ഞാൻ അദ്ദേഹം എന്നോടു പറഞ്ഞതിന് മറുപടി പറഞ്ഞിട്ടേയുള്ളൂ. ഞാൻ മേലധികാരികളോട് ബഹുമാനത്തോടു കൂടി മാത്രമേ സംസാരിക്കാറുള്ളൂ. അദ്ദേഹത്തിന്റെ ആവശ്യാനുസരണം മേൽപ്പറഞ്ഞ വണ്ടി സെക്യൂരിറ്റി ഈടാക്കാതെ വിടാഞ്ഞതിലാവണം അദ്ദേഹം എനിക്കെതിരെ ഇങ്ങനൊരു ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഡ്യൂട്ടി ഇൻസ്പെക്ടർ ആയ ഞാൻ ചെക്ക്പോസ്റ്റ് രേഖകൾ അദ്ദേഹത്തെ പരിശോധിക്കാൻ അനുവദിച്ചില്ല എന്ന ആരോപണവും പച്ചക്കള്ളമാണ്. കാരണം അദ്ദേഹം എല്ലാ രേഖകളും പരിശോധിക്കുകയും ഞാൻ എഴുതിയ നോട്ടീസ് എന്റെ കയ്യിൽ നിന്നും

വാങ്ങുകയും അത് നിലനിൽക്കുന്നതല്ലെന്നും അത് തെറ്റാണെന്നും പറഞ്ഞ് എന്നോട് തട്ടിക്കയറുകയുമുണ്ടായി. കൂടാതെ അദ്ദേഹം ജി.ഡി യിലും ഇൻസ്പെക്ഷൻ രജിസ്റ്ററിലും മേൽവിരോധത്തിന് എനിക്കെതിരെ എന്തൊക്കെയോ എഴുതുകയും ചെയ്തു. ആയതിനാൽ ഞാൻ ചെക്ക്പോസ്റ്റ് രേഖകൾ പരിശോധിക്കാൻ അനുവദിച്ചില്ല എന്ന ആരോപണവും കൃത്രിമമായി കെട്ടിച്ചമച്ചതാണ്. ആയതിനാൽ മേലുദ്യോഗസ്ഥർ മേൽപ്പറഞ്ഞ കാര്യങ്ങളൊന്നും അന്വേഷിക്കാതെയാണ് എനിക്കെതിരെ നടപടിയെടുത്തിരിക്കുന്നത്. മാർച്ച് മാസത്തിൽ ഇത്രയും വലിയൊരു തുക (9.51 Lakh) ചെക്ക്പോസ്റ്റിൽ അടപ്പിക്കുകയും ടി ഡീലർ ഓഫീസിൽ കുടിശ്ശിക ഉണ്ടായിരുന്ന Return ഉം ടാക്സും അടപ്പിക്കുകയും ചെയ്ത എന്നോട് എന്റെ ഭാഗം കൂടി കേൾക്കാതെ അദ്ദേഹത്തിന്റെ ഭാഗം മാത്രം കേട്ടു കൊണ്ടാണ് സസ്പെൻഡ് ചെയ്തിരിക്കുന്നത്. സസ്പെൻഷൻ ഓഡറിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതവും സത്യവിരുദ്ധവുമാണ്. ആയതിനാൽ സമക്ഷത്തുനിന്നും നിജസ്ഥിതി മനസ്സിലാക്കി എന്റെ ഭാഗം കൂടി കേട്ടുകൊണ്ട് അന്യായമായ ഈ സസ്പെൻഷൻ ഓഡർ പിൻവലിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

P. G. Titus

കൊല്ലം

10-04-2013

Copy submitted to :

1. Joint Commissioner
   Commercial Taxes TVM

സെക്രട്ടറി